## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1137 — 08.02.2013 ൽ മറുപടിയ്ക്ക്

### അൺ എയ്ഡഡ് സ്ക്കൂളുകൾക്ക് അംഗീകാരം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം സംസ്ഥാനത്ത് എത്ര അൺ എയ്ഡഡ് സ്ക്കൂളുകൾക്ക് അംഗീകാരം നൽകി എന്നു വ്യക്തമാക്കുമോ.<br>(ബി) ആയതിന്റെ ജില്ല തിരിച്ചുളള വിശദാംശങ്ങൾ സ്ക്കൂളിന്റെ പേര്, അംഗീകാരം നൽകിയ തീയതി എന്നിവ ഉൾപ്പെടെ ലഭ്യമാക്കുമോ?; | എ & ബി<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 4 അൺ എയ്ഡഡ് സ്ക്കൂളുകൾക്ക് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. അവ താഴെപ്പറയുന്നവയാണ്.<br>1) തിരുവനന്തപുരം ജില്ലയിലെ കോട്ടൂർ പഞ്ചായത്ത് യു.പി. സ്ക്കൂളിൽ പ്രവർത്തിച്ചുവരുന്നഅംഗീകാരമില്ലാത്ത അൺ എയ്ഡഡ് എൽ.പി. വിഭാഗത്തിന് കോട്ടൂർ പ്രദേശത്തിന്റെ വിദ്യാഭ്യാസപരമായ പിന്നാക്കാവസ്ഥയും ആദിവാസികളുടെ വിദ്യാഭ്യാസ ആവശ്യകതയും പരിഗണിച്ച് 25.07.12 - ലെ സ.ഉ. (കൈ)242/12/പൊവി പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.<br>2) കൊല്ലം ജില്ലയിലെ തേവലക്കര തെക്കൻ ഗുരുവായൂർ ഇംഗ്ലീഷ് മീഡിയം സ്ക്കൂളിന് 1949/2009 നമ്പർ റിട്ട് അപ്പീലിൽ ബഹു. ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ച് 18.01.2012 - ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ 14.8.12-ലെ സ.ഉ. (സാധാ.) 3940/12/പൊ.വി.വ. നം. ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. |

3) പാലക്കാട് ജില്ലയിലെ അട്ടപ്പാടി ബഥനി ഇംഗ്ലീഷ് മീഡിയം യു. പി. സ്ക്കൂളിന് ബഹു. ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ 18.08.10 ലെ W.A. No. 896/10 കേസിലെ വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ 09.06.2011 - ലെ സ.ഉ. (സാധാ.) 2181/2011/ പൊ.വി.വ. നമ്പർ. ഉത്തരവ് പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

4) മലപ്പുറം ജില്ലയിലെ എം.വി.എം. റസിഡൻഷ്യൽ ഹയർ സെക്കന്ററി സ്ക്കൂളിലെ എൽ.പി., എച്ച്.എസ് വിഭാഗങ്ങൾക്ക് അംഗീകാരമുള്ളതിനാൽ പ്രസ്തുത സ്ക്കൂളിലെ യു.പി. വിഭാഗത്തിന് 21.5.2012 - ലെ സ.ഉ. (സാധാ.)2341/12/പൊ.വി. പൊ.വി. പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്.

Sd/

സെക്ഷൻ ഓഫീസർ